# വചന വിചിന്തനം : ഫെബ്രുവരി 1 ഞായർ, 2009

**യോഹ. 2: 1-11**

## കാനായിലെ കല്യാണം

യേശുവിന്റെ പ്രത്യക്ഷീകരണത്തിന്റെ ഉത്സവവേദിയാണ് കാനായിലെ ഈ ഭവനം. വെള്ളം വീഞ്ഞാകുന്ന അത്ഭുതത്തേക്കാളും പരി. മാതാവിന്റെ മാദ്ധ്യസ്ഥത്തേക്കാളും ഉപരി പുത്രനെ കാൽവരിയുടെ യാഗപീഠത്തിലേക്ക് ഒരാത്മബലിക്കുവേണ്ടി ഒരുക്കി വിടുന്ന ഒരമ്മ യുടെ ചിത്രമാണ് ഈ വചനഭാഗത്തിന്റെ ചുരുളുകൾക്കുള്ളിൽ ഇതൾ വിരിയുന്നത്.

പാലസ്തീനയുടെ സാമൂഹിക ആചാരങ്ങളിൽ നിന്നുവേണം ഈ വിചിന്തനം തുടങ്ങാൻ. വിവാഹത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ വിഭവമായിരുന്നു വീഞ്ഞ്. വിവാഹത്തിനിടെ വീഞ്ഞ് തീർന്നാൽ വലിയ ഒരു അപമാനമായിരുന്നു. ഈ ഒരു സാമൂഹിക പശ്ചാത്തലത്തി ലാണ് കാനായിലെ വിവാഹവീട്ടിൽ യേശു അമ്മയോടും ശിഷ്യരോടുമൊപ്പം വിരുന്നിനെ ത്തുന്നത്.

മനുഷ്യരുടെ കണക്കുകൂട്ടലുകൾക്ക് കണ്ണെത്താത്ത യാഥാർത്ഥ്യങ്ങളുണ്ട് എന്ന് ഓർമ്മ പ്പെടുത്തി ആ വീട്ടിലെ വിരുന്നിനിടെ വീഞ്ഞ് തീരുകയാണ്. വിളമ്പുന്ന എല്ലാ പാത്രങ്ങളും നിറയുമോ എന്ന് ആശങ്കപ്പെടുന്ന ഒരു അമ്മ മനസ്സ് അവിടെയുണ്ടായിരുന്നെന്നും അത്, തനിക്ക് വിളമ്പി വച്ച വിഭവങ്ങളിലേക്ക് നോക്കാതെ, ആതിഥേയന്റെ ഉള്ളുരുക്കങ്ങളിലേക്ക് നോക്കി യെന്നും തിരുവചനം. അമ്മ ആശങ്കപ്പെടുകയാണ്;

മോനെ, അവർക്കു വീഞ്ഞില്ല; യേശുവിന്റെ മറുപടിയാണ് ശ്രദ്ധേയമായത്; ''എന്റെ സമയം ഇനിയും ആയിട്ടില്ല'' സദ്യക്കിടെ വീഞ്ഞ് തീർന്നു പോകുമ്പോൾ അപമാനഭാരം കൊണ്ട് തല താഴുന്ന ആതിഥേയന്റെ വേദന സ്വന്തമാക്കിയ അമ്മ, അതിന് പരിഹാരമായി പുത്രന്റെ ഇടപെടലിനുവേണ്ടി മദ്ധ്യസ്ഥയാവുകയാണ്.

ഇവിടെയാണ് സുവിശേഷത്തിലെ അനന്യമായൊരു വെളിപാട്; യേശുവിന്റെ മറുപടി

എന്റെ സമയം ഇനിയും ആയിട്ടില്ലല്ലോ...

യോഹന്നാന്റെ സുവിശേഷത്തിലെ ദൈവശാസ്ത്രപരമായ ചിന്താധാരകളിലൂടെ വേണം ''യേശുവിന്റെ സമയം'' വ്യാഖ്യാനിക്കപ്പെടാൻ. യോഹന്നാന്റെ വീക്ഷണമനുസരിച്ച് യേശു വിന്റെ ''സമയം'' എന്നാൽ അത് മഹത്വീകരണത്തിന്റെ സമയമെന്നാണ്. (Time of Glorification ) മഹത്വീകരണമെന്നാൽ യേശുവിന്റെ പീഢാനുഭവങ്ങളും കുരിശുമരണവും ഉത്ഥാന വുമുണ്ടതിൽ. അതായത് യേശു, എന്റെ സമയം ഇനിയും ആയിട്ടില്ലല്ലോ എന്ന അമ്മയോടുപ റയുമ്പോൾ അർത്ഥമാക്കുന്നത്, എന്റെ മഹത്വീകരണത്തിന്റെ അതോ പീഢാനുഭവത്തിന്റെ സമയമായില്ലല്ലോ എന്നു തന്നെയാണ്.

കാനായിലെ ഈ വിവാഹ വീട്ടിൽ വച്ച് അമ്മയുടെ അഭ്യർത്ഥന അനുസരിച്ച്, വീഞ്ഞ് തീർന്നുപോയ ഗൃഹനാഥനുവേണ്ടി അത്ഭുതം പ്രവർത്തിച്ചാൽ അവൻ ലോകത്തിനു തന്റെ ദൈവത്വം വെളിപ്പെടുത്തുകയാണ്. അതായത് അവന്റെ മഹത്വീകരണം ആരംഭിക്കുകയാ. അത് കാൽവരിയിലേക്കുള്ള ആദ്യ ചുവടാണ്.

അതുകൊണ്ട് യഥാർത്ഥത്തിൽ, എന്റെ സമയമായിട്ടില്ല എന്ന പുത്രന്റെ പ്രസ്താവന അമ്മയോട് ഒരു വേദന പങ്കിടുകയാണ്.. ഇവിടെ വച്ചു ഞാൻ ഈ അത്ഭുതം പ്രവർത്തിച്ചാൽ ഇവിടെ മുതൽ ഞാൻ എന്റെ പീഢാനുഭവത്തിലേക്ക്, മരണത്തിലേക്ക് നടന്നു തുടങ്ങേണ്ടേ അമ്മേ? എന്ന പുത്രന്റെ വേദന.

അമ്മയ്ക്കു മനസ്സിലാവുന്നുണ്ട് ഈ വേദന. പക്ഷേ മകനെ ഈ ആത്മബലിക്കുവേണ്ടി ഒരുക്കുകയാണ് അമ്മ.

അവൾ പരിചാരകരോട് പറഞ്ഞു ''അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ''.

അവനെ അത്ഭുതം പ്രവർത്തിക്കാൻ നിർബന്ധിക്കുകയാണ് പ. കന്യകാമറിയം. മകനേ, കാൽവരിയുടെ ഈ യാഗപീഠത്തിലേക്ക് നീ നടന്നു നീങ്ങേണ്ടത് നിന്റെ വിശുദ്ധമായ നിയോഗമാണെങ്കിൽ അതിനു ഒരു നിമിഷംപോലും താമസിക്കരുത് എന്ന ആഹ്വാനത്തോടെ.

സ്വന്തം പുത്രനെ മരണത്തിലേക്ക് പറഞ്ഞുവിടുമ്പോഴും ചിതറപ്പെടാതെ നിൽക്കുന്ന ഒരമ്മ. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും എന്ന ശിമയോന്റെ പ്രവചനത്തിന് ജീവിതം കൊണ്ട് മുദ്ര ചാർത്തുന്ന സ്ത്രീ കുരിശോളം അവനൊപ്പം നടന്ന്, ഒടുവിൽ കുരിശിലെ രക്തബലിക്കൊടുവിൽ അവന്റെ ചലനമറ്റ ദേഹം കൈകളിലേക്ക് ഏറ്റുവാങ്ങി മടിയിൽ കിടത്തി കുരിശിനു താഴെ നില്കുമ്പോഴും തെല്ലും ചിതറപ്പെടുന്നില്ല അവൾ. ഒരു ബലിദാനത്തിനു വേണ്ടി എങ്ങനെ ഒരുങ്ങിയോ അതുപോലെ തന്നെ കുഞ്ഞിനെ ഒരുക്കിയും സഹന ചരിത്രത്തിലെ നക്ഷത്രശോഭയായ കന്യകാമറിയം.

''പുറപ്പാടിന്റെ പുസ്തകം'' (V.J.ജയിംസ്) എന്ന നോവലിൽ ഒരു ശ്രദ്ധേയമായ നിരീക്ഷണമിങ്ങനെയാ;

ഗുരു, തന്റെ ശിഷ്യർക്ക് അബ്രാഹത്തിന്റെ ബലിയെപ്പറ്റി പറഞ്ഞുകൊടുക്കുകയാണ്. ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ ബലി- തന്റെ ഏക മകനെ ദൈവത്തിനർപ്പിക്കുന്ന പിതാവ്.

അപ്പോൾ ഒരു ശിഷ്യന്റെ സന്ദേഹമിതാണ്. അതെങ്ങനെ ഒരു ശ്രേഷ്ഠബലിയാകും. ദൈവം ദാനമായി തന്ന കുഞ്ഞിനെ അപ്പൻ ബലി കഴിച്ചാൽ അതിൽ എന്തു ത്യാഗമാണ്? അബ്രാഹം കുഞ്ഞിനു പകരം തന്നെ തന്നെ അർപ്പിക്കാം എന്നു പറഞ്ഞിരുന്നെങ്കിൽ അതൊരു ത്യാഗമായേനെ!

അനുഭവങ്ങളുടെ ഗുരു, യുക്തിയുടെ ശിഷ്യനെ തിരുത്തി;

''മോനേ, ഒരാൾക്ക് തന്നെ തന്നെ ബലിയർപ്പിക്കുന്നതിന്റെ അയിരം ഇരട്ടി വേദന നെഞ്ചേറ്റിയാലേ തന്റെ കുഞ്ഞിനെ ബലി നല്കാനാകൂ...''

ഇങ്ങനെ വേണം പ. അമ്മയുടെ ബലിയെ കാണാൻ.

എല്ലാ രക്ഷാകരമായ അർപ്പണങ്ങൾക്കും പിന്നിലും ആരുടെയെങ്കിലുമൊക്കെ ബലി ചെയ്യപ്പെട്ടു നുറുങ്ങിയതിന്റെ വേദനയുണ്ട്. യേശുവിന്റെ രക്ഷകരമായ അർപ്പണങ്ങളിൽപ്പോലും!

**ഫാ. അലക്സ് വേലച്ചേരിൽ**